No. IE(2)/OLA/1185/05 (Sub Notification5- January 2026) 06.01.2026

# അറിയിപ്പ്

01.08.2025 തിയതിയിലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം കേരള സിഡ്കോയുടെ കീഴിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ്/ വ്യവസായ പാർക്ക് എന്നിവിടങ്ങളിൽ നിലവിൽ ഒഴിവുള്ള ഭൂമി/ഷെഡ്ഡ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു

| നമ്പർ | എസ്റ്റേറ്റിന്റെ പേര് | വാടക നിരക്ക് | ബന്ധപ്പെടേണ്ട വിലാസം |
|---|---|---|---|
| 1 | മിനി വ്യവസായഎസ്റ്റേറ്റ്, പന്തളം<br><br>ഷെഡ്ഡ് നമ്പർ 4 (900 സ്ക്വയർ ഫീറ്റ്) ഉൾപ്പെടുന്ന 2.06 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്.<br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവിലസെന്റിന് 1,33,030/-<br><br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 200/- രൂപ പ്രകാരം വില ഒടുക്കേണ്ടതാണ്. | എസ്റ്റേറ്റ്മാനേജർ വ്യവസായഎസ്റ്റേറ്റ്, കൊല്ലക്കടവ് ഫോൺ നമ്പർ: 9447896908 |
| 2 | വ്യവസായ എസ്റ്റേറ്റ്, കൊല്ലക്കടവ്<br><br>ഏകദേശം 16 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്.<br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്.<br>ഭൂവിലസെന്റിന് 2,99,188/- | എസ്റ്റേറ്റ്മാനേജർ വ്യവസായഎസ്റ്റേറ്റ്, കൊല്ലക്കടവ് ഫോൺ നമ്പർ: 9447896908 |

| | | | |
|---|---|---|---|
| 3 | വ്യവസായഎസ്റ്റേറ്റ്, ഒലവക്കോട്<br><br>പ്ലോട്ട് നമ്പർ 81 – 20.57 സെന്റ്<br><br>പ്ലോട്ട് നമ്പർ 17 – 12 സെന്റ്<br><br>പ്ലോട്ട് നമ്പർ 1 – 18.21 സെന്റ്<br>പ്ലോട്ട് നമ്പർ 36 – 10.008 സെന്റ്<br><br>പ്ലോട്ട് നമ്പർ 3 – 4.02 സെന്റ്<br><br>പ്ലോട്ട് നമ്പർ 16 എ – 5 സെന്റ്<br><br>പ്ലോട്ട് നമ്പർ 16 ഡി – 5 സെന്റ്<br><br>സി–13 ഷെഡ്ഡും (1092.14 sqft), 10.3 സെന്റ് അനുബന്ധ ഭൂമിയും<br>സി–14 ഷെഡ്ഡും (1111.93 sqft), 14.33 സെന്റ് അനുബന്ധ ഭൂമിയും<br>പ്ലോട്ട് നമ്പർ 72(a) – 9.83 സെന്റ് ഭൂമി<br>പ്ലോട്ട് നമ്പർ 72(b) – 5 സെന്റ് ഭൂമി<br><br>ഷെഡ് നമ്പർ സി.19 (1473 സ്ക്വയർ ഫീറ്റ്),<br><br>സി.11 ഷെഡ്ഡ് – (1091 സ്ക്വയർ ഫീറ്റ്)<br><br>സി.20 ഷെഡ്ഡ് – (1472 സ്ക്വയർ ഫീറ്റ്) | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവില സെന്റിന് 2,91,498/–<br><br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 300/– രൂപ പ്രകാരം വില ഒടുക്കേണ്ടതാണ്. | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ്, ഒലവക്കോട്<br>ഫോൺനമ്പർ:0491 –2555158, 7907469602 |
| 4. | ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ മണൽ കൂട്ടിയിട്ടിരിക്കുന്നത് ഒഴിവാക്കിയ ശേഷം ഏകദേശം 50 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്.<br>ഭൂവില സെന്റിന് 2,91,498/– രൂപ. | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ്, ഒലവക്കോട്<br>ഫോൺനമ്പർ:0491 –2555158, 7907469602 |

| | | | |
|---|---|---|---|
| 5. | വ്യവസായ എസ്റ്റേറ്റ്, കാരക്കാട്<br><br>ഏകദേശം 5 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്.<br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവില സെന്റിന് 5,15,310/- | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ്, കാരക്കാട്,<br>ഫോൺനമ്പർ:0491 -2555158, 7907469602 |
| 6. | മിനി വ്യവസായ എസ്റ്റേറ്റ്, പട്ടാമ്പി - പ്ലോട്ട് നമ്പർ.9 - 3.3 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്.<br>ഭൂമി ലീസ്വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവിലസെന്റിന് 5,77,554/- | എസ്റ്റേറ്റ് മാനേജർ വ്യവസായഎസ്റ്റേറ്റ്, ഒലവക്കോട്<br>ഫോൺനമ്പർ:0491 -2555158, 7907469602 |
| 7. | വ്യവസായ പാർക്ക്, അത്താണി<br><br>പ്ലോട്ട് നമ്പർ 5 - 10 സെന്റ്<br><br>പ്ലോട്ട് നമ്പർ 52 - 10 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അവസാനം നടന്ന അലോട്ട്മെന്റിന്റെ ലീസ് പ്രീമിയം തുകയാണ് അടിസ്ഥാന ലീസ് പ്രീമിയമായി കണക്കാക്കുന്നത്. ലീസ് പ്രീമിയം തുക സെന്റിന് 8,37,465/- | എസ്റ്റേറ്റ് മാനേജർ വ്യവസായ പാർക്ക്, അത്താണി, സിഡ്കോ വ്യവസായ എസ്റ്റേറ്റ്, കല്ലേറ്റുംകര<br>ഫോൺ: 9995254659 |
| 8. | വ്യവസായഎസ്റ്റേറ്റ്, കാസർഗോഡ്<br><br>പ്ലോട്ട് നം.24 - 11 സെന്റ് (electric line)<br><br>പ്ലോട്ട് നം.25 - 3.8 സെന്റ് (electric line)<br><br>പ്ലോട്ട് നമ്പർ 60- 46.2 സെന്റ്<br><br>പ്ലോട്ട് നമ്പർ 63 - ഏകദേശം 26 സെന്റ് | പ്ലോട്ടുകളായും അനുവദിക്കും. ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവില സെന്റിന് 9,05,296/- രൂപ. | എസ്റ്റേറ്റ്മാനേജർ വ്യവസായഎസ്റ്റേറ്റ്, വിദ്യാനഗർ പി.ഒ.കാസർഗോഡ്<br>ഫോൺ:<br>04994-255931<br>9483651356 |

| | | | |
|---|---|---|---|
| 9. | വ്യവസായഎസ്റ്റേറ്റ്, പാപ്പനംകോട് – 3 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ്ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവിലസെന്റിന് 6,19,285/- | എസ്റ്റേറ്റ്മാനേജർ വ്യവസായ എസ്റ്റേറ്റ്, പാപ്പനംകോട്<br>ഫോൺ നമ്പർ: 9446329716 |
| 10. | മിനി വ്യവസായ എസ്റ്റേറ്റ്, വർക്കല<br>1. ഷെഡ്ഡ് നം. 12 ഉൾപ്പെടുന്ന 3.5 സെന്റ് ഭൂമി<br>2. 687.15 sqft ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവില സെന്റിന് 3,81,186/–<br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 200/– രൂപ പ്രകാരം വില ഒടുക്കേണ്ടതാണ്. | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ്, പാപ്പനംകോട്<br>ഫോൺ നമ്പർ: 9446329716 |
| 11 | മിനി വ്യവസായ എസ്റ്റേറ്റ്, പിറവം<br>8 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ്ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവിലസെന്റിന് 8,29,854/- | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ്, മുടിക്കൽ<br>ഫോൺ നമ്പർ: 9847652527 |
| 12 | വ്യവസായ എസ്റ്റേറ്റ്, ചേർത്തല<br>4.5 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവില സെന്റിന് 5,31,468/– രൂപ | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ് ചേർത്തല<br>ഫോൺ നമ്പർ: 9446032267 |

| | | | |
|---|---|---|---|
| 13. | വ്യവസായ എസ്റ്റേറ്റ്, ഏറ്റുമാനൂർ<br><br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ ബേസ്മെന്റ് ഫ്ളോറിൽ (സെല്ലാർ) 1139 സ്ക്വയർ ഫീറ്റ് കെട്ടിടം<br><br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ 1st ഫ്ളോറിൽ 1139 സ്ക്വയർ ഫീറ്റ് കെട്ടിടം<br><br>Ground Floor-ൽ 174.31 സ്ക്വയർ ഫീറ്റ് വീതമുള്ള 2 ഓഫീസ് കെട്ടിടങ്ങൾ (ആകെ 348.62 സ്ക്വയർ ഫീറ്റ്) | മാസ വാടക വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഷെഡ്ഡ് മാസ വാടക വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ ചതുരശ്ര അടിക്ക് പ്രതിമാസം 25 രൂപ നിരക്കിൽ വാടക ഒടുക്കേണ്ടതും 6 മാസത്തെ വാടക തിരികെ നൽകാത്ത അഡ്വാൻസ് ആയും ഒടുക്കേണ്ടതുമാണ് (Non refundable).<br><br>ഏറ്റുമാനൂർ വ്യവസായ എസ്റ്റേറ്റ് ഫോറത്തിനും നിലവിലെ വ്യവസായികൾക്കും മുൻഗണന നൽകുന്നതാണ്. | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്<br>ഏറ്റുമാനൂർ<br>ഫോൺ നമ്പർ:<br>9747795466 |
| 14 | വ്യവസായ എസ്റ്റേറ്റ്, ഏറ്റുമാനൂർ<br>184.1036 സ്ക്വയർ ഫീറ്റ് കെട്ടിടം | മാസവാടക വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഷെഡ്ഡ് മാസ വാടക വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ ചതുരശ്ര അടിക്ക് പ്രതിമാസം 6 രൂപ നിരക്കിൽ വാടക ഒടുക്കേണ്ടതും 6 മാസത്തെ വാടക തിരികെ നൽകാത്ത അഡ്വാൻസ് ആയും ഒടുക്കേണ്ടതുമാണ് (Non refundable). | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്<br>ഏറ്റുമാനൂർ<br>ഫോൺ നമ്പർ:<br>9747795466 |
| 15 | മിനി വ്യവസായ എസ്റ്റേറ്റ്, നാട്ടകം<br><br>3 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br><u>ഭൂമി</u><br><br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവില സെന്റിന് 2,38,205/– രൂപ | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്<br>ഏറ്റുമാനൂർ<br>ഫോൺ നമ്പർ:<br>9747795466 |

| | | | |
|---|---|---|---|
| 16 | വ്യവസായ എസ്റ്റേറ്റ്, ഒല്ലൂർ.<br><br>പ്ലോട്ട് നമ്പർ 2 – 10.7 സെന്റ്<br><br>പ്ലോട്ട് നമ്പർ 4 – 10.6 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി<br><br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവില സെന്റിന് 7,38,966/– രൂപ | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്<br>ഒല്ലൂർ<br>ഫോൺ നമ്പർ:<br>9995254659 |
| 17 | വ്യവസായ എസ്റ്റേറ്റ്, കരുനാഗപ്പള്ളി<br><br>1) 1154Sqft ഷെഡ്ഡ് ഉൾപ്പെടുന്ന 5.91 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവില സെന്റിന് 5,92,156/– രൂപ<br><br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 300/– രൂപ പ്രകാരം വില ഒടുക്കേണ്ടതാണ്. | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്<br>കരുനാഗപ്പള്ളി<br>ഫോൺ നമ്പർ:<br>9895092039 |
| 18 | ഒല്ലൂർ സർവ്വീസ് വർക്ക്ഷോപ്പിന്റെ ഭാഗമായ അധിക സ്ഥലം<br><br>(14.07.2025 തിയതിയിലെ 331/15 നമ്പർ ഡയറക്ടർ ബോർഡ് തീരുമാനം) | വാടക വ്യവസ്ഥയിൽ അനുവദിച്ച നൽകുന്നതാണ്. ഭൂമിയുടെയും ഷെഡിന്റെയും ആകെ വിലയുടെ 25% വരുന്ന തുകയും 3 മാസത്തെ ആകെ വാടകയും ചേർന്ന തുക തിരിച്ച നൽകാത്ത ആദ്യ അടവായി അലോട്ടി നൽകേണ്ടതുമാണ്.<br>ഷെഡിന്റെ വാടക ചതുരശ്രഅടിക്ക് പ്രതിമാസം 6/– രൂപയും ഭൂമിയുടെ വാടക പ്രതിമാസം ചതുരശ്രഅടിക്ക് 1 രൂപയുമാണ്. വാർഷികമായി 5% വച്ച് വാടക വർദ്ധിക്കുന്നതാണ്. 30 വർഷത്തേയ്ക്കാകും അലോട്ട്മെന്റ് നടത്തുക.<br><br>സർവ്വീസ് വർക്ക് ഷോപ്പിന്റെ ഭാഗമായുള്ള മെഷിനറികൾ പരമാവധി ഒരു ഭാഗത്തേയ്ക്ക് ചുരുക്കി കേടുപാടുകൾ, മറ്റ് നഷ്ടങ്ങൾ എന്നിവ കൂടാതെ സ്വന്തം ചെലവിൽ | മാനേജർ, സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് , ഒല്ലൂർ<br>Ph: 9995254659 |

| | | | |
|---|---|---|---|
| | | സിഡ്കോ നിർദ്ദേശിക്കും പ്രകാരം അലോട്ടി മാറ്റി വയ്ക്കേണ്ടതാണ്. പ്രത്യേകം കവാടവും ഇതിന്ഏർപ്പെടുത്തണം. അനുബന്ധമായ ഇലക്ട്രിക് വർക്ക് അടക്കം മുഴുവൻ പ്രവർത്തികളും അലോട്ടി തന്നെ ചെയ്യണം. കേടുപാടുകൾ ഉണ്ടായാൽ ബാധ്യത അലോട്ടി നിർവ്വഹി ക്കണം. അലോട്ട് ചെയ്യുന്ന ഷെഡ്ഡിൽ പ്രതിവർഷം അറ്റകുറ്റ പണി അലോട്ടി ചെയ്യേണ്ട താണ്. ഇക്കാര്യങ്ങൾ രേഖപ്പെടു ത്തുന്ന എഗ്രിമെന്റ് സിഡ്കോ നൽകും. ആയത് അലോട്ടി അംഗീകരിച്ച് ഒപ്പുവച്ച് നൽകേണ്ടതാണ്. ഒരു സി.എഫ്.സി -ക്ക് യോജിച്ച നിലയിൽ ടി സർവ്വീസ് വർക്ക്ഷോപ്പ് അലോട്ടി യുടെ ചെലവിൽ മാറ്റിയൊരുക്കിയ ശേഷമാകും അലോട്ട്മെന്റ് നടത്തുക. ഒരു ഘട്ടത്തിലും, ഒരു കാരണവശാലും ownership-നുള്ള നിയുക്ത അലോട്ടിയുടെ അപേക്ഷ സ്വീകാര്യമാകില്ല. അത്തരം അപേക്ഷകള് ഭാവി യിൽ മുന്നോട്ട് വയ്ക്കുന്നത് സ്വാഭാവികമായ അലോട്ട്മെന്റ് റദ്ദാവലിന് കാരണമാകുന്നതാണ്. ഇക്കാര്യം വ്യവസ്ഥയായി എഗ്രിമെന്റിൽ ചേർക്കുന്നതാണ്. | |

| | | | |
|---|---|---|---|
| 19. | മുണ്ടക്കൽ ഡവലപ്മെന്റ് പ്ലോട്ട്, കൊല്ലം<br><br>(14.07.2025 തിയതിയിലെ 331/19/2025–26 നമ്പർ ഡയറക്ടർ ബോർഡ് തീരുമാനം) | കൊല്ലം ജില്ലയിലെ വ്യവസായ എസ്റ്റേറ്റുകളിൽ ഏറ്റവും ഉയർന്ന വിലയുള്ള കരുനാഗപ്പള്ളി വ്യവസായ എസ്റ്റേറ്റിലെ ഭൂവിലയായ സെന്റിന് 5,92,156/– രൂപ നിരക്കിൽ വ്യവസായ ആവശ്യത്തിന് ഭൂമി അനുവദിച്ചു നൽകുന്നതാണ്.<br>പുതിയ ഭൂവില റവന്യൂ കാര്യാലയത്തിൽ നിന്നും ലഭിക്കുന്പോൾ ഉയർന്നവിലയാണ് ലഭിക്കുന്നതെങ്കിൽ ആയത് പ്രകാരവും കുറഞ്ഞ വിലയാണ് ലഭിക്കുന്നതെങ്കിൽ ആയതു പ്രകാരവും (സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി) ഭൂമി അനുവദിച്ചു നൽകുന്നതാണ്. ഭൂമി ലീസ്വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ്ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്.<br><br><u>ഷെഡ്ഡ്</u><br>ചതുരശ്രഅടിക്ക് 300 രൂപ പ്രകാരം വില ഒടുക്കേണ്ടതാണ് | മാനേജർ, സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഉമയനല്ലൂർ, കൊല്ലം<br>Ph: 9895092039 |
| 20. | സിഡ്കോ മിനി വ്യവസായ എസ്റ്റേറ്റ്, സുൽത്താൻബത്തേരി<br><br>ഷെഡ്ഡ് (ഏരിയ ലഭ്യമല്ല. അറ്റകുറ്റപ്പണികൾ ചെയ്ത് എടുക്കേണ്ടതാണ്. ആയതിന് ചെലവാകുന്ന തുക വാടകയിൽ കുറവു വരുത്തുന്നതാണ്) | മാസവാടക വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഷെഡ്ഡ് മാസ വാടക വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ ചതുരശ്ര അടിക്ക് പ്രതിമാസം 6 രൂപ നിരക്കിൽ വാടക ഒടുക്കേണ്ടതും 6 മാസത്തെ വാടക തിരികെ നൽകാത്ത അഡ്വാൻസ് ആയും ഒടുക്കേണ്ടതുമാണ് (Non refundable). | എസ്റ്റേറ്റ് മാനേജർ മിനി വ്യവസായ എസ്റ്റേറ്റ്, സുൽത്താൻ ബത്തേരി<br>Ph: 8075299417 |

<u>വ്യവസ്ഥകളും ഉപാധികളും.</u>

1. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫോറം കേരളാ സിഡ്കോയുടെ വെബ്സൈറ്റായ <u>www.keralasidco.com–</u>ൽ നിന്നും ലഭിക്കുന്നതാണ്.

2. വ്യവസായ എസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ് എന്നിവ സംബന്ധിച്ച് പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്–ന്റെ പകർപ്പ്, പ്രോജക്ട് റിപ്പോർട്ട്, തിരിച്ചറിയൽ രേഖയുടെ പകർപ്പ്, 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ, ഷെഡ്ഡിനു മാത്രം അപേക്ഷിക്കുന്നവർ 1000 രൂപ ഇ.എം.ഡി. ആയും 1000 + (ജി.എസ്.റ്റി) പ്രോസസിംഗ് ഫീ ഇനത്തിലും ഒടുക്കേണ്ടതാണ്. ഭൂമിക്കായി മാത്രം അപേക്ഷിക്കുന്നവർ 5000 രൂപ + (ജി.എസ്.റ്റി) അപേക്ഷാ ഫീസായി ഒടുക്കണം.

ഷെഡ്ഡുൾപ്പെടെയുള്ള ഭൂമിക്കായി അപേക്ഷിക്കുന്നവർ ഷെഡ്ഡിനും ഭൂമിക്കും പ്രത്യേകമായുള്ള അപേക്ഷയും തുകയും ഒടുക്കേണ്ടതാണ്.

3. വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിക്കുന്നതിന് മുൻഖണ്ഡികയിൽ പ്രതിപാദിച്ച രേഖകൾക്കു പുറമെ നിരതദ്രവ്യം (ഓരോ പ്ലോട്ടിനും) 5000/– (അയ്യായിരംരൂപ മാത്രം) നിരക്കിൽഒടുക്കേണ്ടതാണ് (ഭൂമി അനുവദിക്കപ്പെടാത്ത സാഹചര്യത്തിൽതിരികെ നൽകും). ഭൂമി അനുവദിച്ചാൽ പ്രസ്തുതതുക ഭൂമിയുടെ ലീസ് പ്രീമിയത്തിൽകുറവ്വരുത്തി കണക്കാക്കും. കൂടാതെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 3000/– (മൂവായിരംരൂപ മാത്രം) (തിരികെ നൽകാത്ത തുക) ആകെ 8000/– രൂപയുടെ ഡി.ഡി. ആയി ഉൾപ്പെടുത്തേണ്ടതാണ്.

4. പുരിപ്പിച്ച അപേക്ഷകൾ 12.01.2026 മുതൽ 27.01.2026 തിയതി, 5.00 പി.എം–ന് മുമ്പായി ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർമാർക്ക് സമർപ്പിക്കേണ്ടതാണ്.

5. ഷെഡ്ഡുകൾ നിലവിലുള്ള അവസ്ഥയിലായിരിക്കും അനുവദിച്ചു നൽകുന്നത്. സിഡ്കോ, ഷെഡ്ഡുകളുടെ അറ്റകുറ്റപണികൾക്ക് തുകകൾ ഒന്നും ചിലവാക്കുന്നതല്ല. ഷെഡ്ഡുകൾ അലോട്ട് ചെയ്ത് ലഭിക്കുന്ന വ്യവസായികൾ ഷെഡ്ഡുകളുടെ അറ്റകുറ്റപ്പണി സ്വന്തം ചിലവിൽ സിഡ്കോയുടെ അനുമതിയോടെ നടത്തേണ്ടതാണ്.

6. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും യോഗ്യരായ ചെറുകിട വ്യവസായികളെ കണ്ടെത്തുന്നതിനുള്ള ചുമതല ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

7. പരസ്യപ്പെടുത്തിയിട്ടുള്ള ഷെഡ്ഡ്/ഭൂമിക്കായി ഏതെങ്കിലും സംരംഭകർ നിരതദ്രവ്യം ഒടുക്കിയിട്ടുണ്ടെങ്കിൽ അസ്സൽ രസീത് ഹാജരാക്കി നിരതദ്രവ്യം തിരികെ വാങ്ങേണ്ടതാണ്. അത്തരം അപേക്ഷകർക്കും പുതിയ നിരതദ്രവ്യം ഒടുക്കി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് അതാത് എസ്റ്റേറ്റ് മാനേജർമാരുമായി ബന്ധപ്പെടുകയോ സിഡ്കോയുടെ വെബ്സൈറ്റ് (www.keralasidco.com) സന്ദർശിക്കുകയോ ചെയ്യുക.

(ഒപ്പ്)
**മാനേജിംഗ് ഡയറക്ടർ**

പകർപ്പ്:
1. ജനറൽമാനേജർ,
   ജില്ലാ വ്യവസായ കേന്ദ്രം (ഡി.എൽ.എ.സി. ചെയർമാൻ)
   തിരുവനന്തപുരം ജില്ല, കൊല്ലം ജില്ല, ആലപ്പുഴ ജില്ല, പത്തനംതിട്ട ജില്ല, എറണാകുളം ജില്ല, തൃശ്ശൂർ ജില്ല, പാലക്കാട് ജില്ല, കാസർഗോഡ് ജില്ല, കോട്ടയം ജില്ല, വയനാട് ജില്ല
2. ചീഫ് അക്കൗണ്ട്സ് ഓഫീസർ (ഇൻ–ചാർജ്ജ്), കേരളാസിഡ്കോ
3. എസ്റ്റേറ്റ്മാനേജർ, സിഡ്കോ
   വ്യവസായഎസ്റ്റേറ്റ്, പാപ്പനംകോട്,
   ഒലവക്കോട്, കല്ലേറ്റുംകര, മുടിക്കൽ,
   കാസർഗോഡ്, സ്ട്രാബോർഡ് ഫാക്ടറി,
   പരുമല, ഏറ്റുമാനൂർ, ചേർത്തല, ഉമയനല്ലൂർ,
   സൂൽത്താൻബത്തേരി, കൊല്ലക്കടവ്
   } പ്രോസസിംഗ് ഫീ, അപേക്ഷാ ഫീ എന്നിവയ്ക്ക് 18% ജി.എസ്.റ്റി. വാങ്ങേണ്ടതാണ്.
4. സീനിയർമാനേജർ, സിസ്റ്റംസ് – സിഡ്കോ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്
5. സ്റ്റോക്ക് ഫയൽ